വിദ്യാഭ്യാസവകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാനതല മൽസരങ്ങളിലെ ഗെയിംസിനത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 400, 300, 200 രൂപ നിരക്കിലും അത്‌ലറ്റിക്സിന് 600, 500, 400 രൂപ നിരക്കിൽ പ്രൈസ് മണിയും, ദേശീയ മൽസരത്തിലെ വിജയികൾക്ക് 5000, 4000, 3000 രൂപ നിരക്കിൽ ക്യാഷ് അവാർഡും നൽകുന്നു. സംസ്ഥാന സ്കൂൾ കായിക മൽസരത്തിൽ ദേശീയ, സംസ്ഥാന റിക്കാർഡുകൾ ഭേദിക്കുന്ന പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 2000 രൂപയും പ്രോൽസാഹനമായി നൽകുന്നുണ്ട്.

കായിക താരങ്ങൾക്ക് ജോലി

149 [2121] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് രംഗത്ത് പ്രതിഭ തെളിയിച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

ഉണ്ട്.

സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ

150 [2122] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിൽ കായിക പരിശീലകരുടെ നിയമനത്തിന് അപേക്ഷ നൽകിയിരുന്നവരുടെ ഇന്റർവ്യൂ ഇതേവരെ നടന്നിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ ഇന്റർവ്യൂ നടത്തി കായികതാരങ്ങളെ നിയമിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കേരള സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ പി. എസ്. സി. മുഖേന ആയിരിക്കണം എന്ന ഉത്തരവ് നിലവിലിരിക്കെ ഒഴിവുകൾ പി. എസ്. സി.-യെ അറിയിക്കാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2003 ഡിസംബർ 3-ാം തീയതി നിലവിൽ വന്ന കേരള സ്പോർട്സ് ആക്ട് 2000-ലെ 44-ാം വകുപ്പ് പ്രകാരം കേരള സ്പോർട്സ് കൗൺസിലിലെ നിയമനങ്ങൾ പി. എസ്. സി. മുഖേന ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആക്ടിനോടനുബന്ധിച്ചുള്ള ചട്ടങ്ങൾ രൂപീകൃതമായിട്ടില്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി പരിശീലകരെ നിയോഗിച്ചിരിക്കുന്നു. ഇത് തികച്ചും താൽക്കാലികമാണ്.

LIBRARY ARCHIVES Kerala Legislative Assembly